# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1405 02.03.2017-ൽ മറുപടിയ്ക്ക്**

## തീരദേശ മേഖലയിലെ കുടിവെള്ളക്ഷാമം

ചോദ്യം

ശ്രീ.മുരളി പെരുനെല്ലി

എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ തീരദേശ മേഖലയിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാൻ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

മറുപടി

ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി):

എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ തീരദേശ മേഖലയിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുന്നതിലേയ്ക്കായി സംയോജിത മത്സ്യ ഗ്രാമ വികസന പദ്ധതി 2014-15-ൽ ഉൾപ്പെടുത്തി 140.00 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

(1) വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 1, 16, 17, 18 ൽ സംപ്-160എംഎം/ 90എംഎം എച്ച്.ഡി.പി.ഇ പൈപ്പിൽ നിന്നും റൈഡർ ലൈൻ

(2) വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 9, 11, 12 ൽ സംപ്-110എംഎം/90എംഎം/75എംഎം എച്ച്.ഡി.പി.ഇ പൈപ്പിൽ നിന്നും റൈഡർ ലൈൻ

(3) വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 1, 17, 1 ൽ കേടായ പൈപ്പ് മാറ്റി സ്ഥാപിക്കൽ

(4) വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 14 ലെ നിലവിലുള്ള കിണറിൽ നിന്നും വാർഡ് നമ്പർ 16 ലേക്ക് 75എംഎം വഴി കുടിവെള്ളം എത്തിക്കൽ.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിർവ്വഹണ ചുമതല കേരള വാട്ടർ അതോറിറ്റിയ്ക്കാണ്. പദ്ധതി ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്.

സെക്ഷൻ ആഫീസർ